ചാർജ്ജിംഗ് പോലീസ് സ്റ്റേഷൻ.

* 840. [47] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കൊല്ലം ഈ സ്റ്റേറിനു് എത്ര ചാർജ്ജിംഗ് പോലീസ് സ്റ്റേഷൻ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്;

(ബി) തൊടുപുഴതാലൂക്കിൽ അറക്കുളത്തു് ഒരു ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉത്തരവായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു് എന്നുമുതൽ നടപ്പിലാകും ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) മൂന്നു്.
(ബി) ഇല്ല.
(സി) ഉദിക്കുന്നില്ല.

മുനിസിപ്പാലിറ്റികളിലെ വാഹനനികുതി.

* 841. [53] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തൃശ്ശൂർ, ചിറ്റൂർ, ഇരിഞ്ഞാലക്കുട, പാലൂർ, എറണാകുളം, ആലുവാ, പെരുമ്പാവൂർ എന്നീ മുനിസിപ്പാലിറ്റികൾക്കു് വാഹനകരം ഇനത്തിൽ ഗവണ്മെൻറ് ഈടാക്കുന്ന തുകയിൽനിന്നും എന്തെങ്കിലും വിഹിതം നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണു് ഇതു് നൽകുന്നതു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ചോദ്യത്തിൽ പറഞ്ഞ മുനിസിപ്പാലിറ്റികളിൽ പെരുമ്പാവൂർ മുനിസിപ്പാലിറ്റി ഒഴികെ മറ്റെല്ലാ മുനിസിപ്പാലിറ്റികൾക്കും നൽകുന്നുണ്ടു്.

(ബി) വാഹനനികുതിആക്ടു് നടപ്പിലാക്കിയതിനു് തൊട്ടുമുൻപുള്ള മൂന്നു കൊല്ലം വാഹനനികുതിയിനത്തിൽ മുനിസിപ്പാലിറ്റിക്കു ലഭിച്ച തുകയുടെ അടിസ്ഥാനത്തിൽ ആണ്ടേക്കു ശരാശരി ലഭിച്ചുവന്ന ആദായത്തിനു തുല്യമായ തുക നൽകിവരുന്നു.

പുതിയ റയിൽവേ.

* 842. [54] ശ്രീ. ടി. ഒ. ബാവാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തിരുവിതാംകൂർ–കൊച്ചിയിൽ പുതുതായി ഏതെങ്കിലും റയിൽവേ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ആലുവാ–മധുര റയിൽവേ ഇതിൽ ഉൾപ്പെടുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) താഴെ പറയുന്ന റയിൽവേ ലയനങ്ങൾ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ ഈ ഗവണ്മെൻറ് കേന്ദ്രത്തിനോടു് ശുപാർശ ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly